സർക്കാർ പ്രസ്സുകളുടെ നവീകരണം

234(442) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. എം. ഹംസ :
ശ്രീ. വി. എൻ. വാസവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് നിയോഗിച്ചിരുന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണ് ;

(സി) പ്രസ്സുകൾക്കുവേണ്ടി ആധുനിക മെഷീനുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; എത്ര രൂപയ്ക്കുള്ള മെഷീനുകളാണ് വാങ്ങുന്നത് ;

(ഡി) പ്രസ്സുകളിലെ അടിസ്ഥാന സൗകര്യവികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുമോ ;

(ഇ) സർക്കാരിന്റെ അച്ചടി ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രസ്സുകളെ സജ്ജമാക്കുമോ ?

ഉത്തരം

(എ) ഗവൺമെൻറ് പ്രസ്സുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മെഷീനറികളുടെ വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

തിരുവനന്തപുരം ഗവ.പ്രസ്സിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഡിറ്റിപി. സെക്ഷൻ ആധുനികവൽക്കരിച്ചു. കൊല്ലം പ്രസ്സിനു വേണ്ടി ഉമയനല്ലൂരിൽ കെട്ടിടം പണി പൂർത്തിയാക്കി. ഷൊർണ്ണൂർ ഗവ. പ്രസ്സിൽ റീൽ പേപ്പർ ഗോഡൗൺ, വേസ്റ്റ് പേപ്പർ ഗോഡൗൺ, പ്രസ്സ് ക്വാർട്ടേഴ്സിന് ചുറ്റുമതിൽ നിർമ്മാണം, കോഴിക്കോട് ഗവ. പ്രസ്സിൽ റീൽ പേപ്പർ ഗോഡൗൺ നിർമ്മാണം എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എറണാകുളം, ഷൊർണ്ണൂർ ഗവ. പ്രസ്സുകളിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിച്ചു.

(ബി) ഇല്ല; ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്; മണ്ണന്തല, ഷൊർണ്ണൂർ ഗവ. പ്രസ്സുകളിലേയ്ക്കായി 4.6 കോടി രൂപ ചെലവിൽ രണ്ട് ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീനുകളും, വാഴൂർ ഗവ. പ്രസ്സിലേക്കുള്ള ഒരു ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീൻ 1,59,54,534 രൂപ ചെലവിലും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എച്ച്.എം.റ്റി. -യിൽ നിന്നും ബൈ ബാക്ക് സ്കീമിൽ വാങ്ങുന്ന 2.35 കോടി രൂപ വിലവരുന്ന മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) അച്ചടി ജോലികൾ സമയബന്ധിതമായി നടത്തി വരുന്നു.

സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണം

235(443) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദീകരിക്കുമോ ;

(ബി) സർക്കാർ പ്രസ്സ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ;

(സി) ഷൊർണൂർ സർക്കാർ പ്രസ്സിന്റെ നവീകരണത്തിനായി എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവ. പ്രസ്സുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മെഷീനറികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

തിരുവനന്തപുരം ഗവ. പ്രസ്സിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം-3.2 കോടി രൂപ

കൊല്ലം പ്രസ്സിനു വേണ്ടി ഉമയനല്ലൂരിൽ കെട്ടിടം പണി- 105 ലക്ഷം

ഷൊർണ്ണൂർ ഗവ. പ്രസ്സിൽ- റീൽ പേപ്പർ ഗോഡൗൺ 25 ലക്ഷം

വേസ്റ്റ് പേപ്പർ ഗോഡൗൺ- 17 ലക്ഷം രൂപ

പ്രസ്സ് കർട്ടേഴ്സിന് ചുറ്റുമതിൽ നിർമ്മാണം- 25 ലക്ഷം രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly